"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം-01,
തീയതി:28.01.2017.

നമ്പർ: VC/27546/15

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം-ഡെപ്യൂട്ടേഷൻ/ലോംഗ് ലീവ് രജിസ്റ്റർ - സൂക്ഷിക്കുന്നത്-സംബന്ധിച്ച്.

* * * * * *

വകുപ്പിൻ കീഴിലെ ചില സ്ഥാപനങ്ങൾ ഡെപ്യൂട്ടേഷൻ/ലോംഗ് ലീവ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഒരു സ്ഥാപനത്തിലെ സീനിയർ ക്ലാർക്കിന്റെ ശൂന്യ വേതന അവധി അവസാനിച്ച ശേഷവും ടിയാൻ വർഷങ്ങളോളം അനധികൃത ഹാജരില്ലായ്മയിൽ തുടരുകയും സൂപ്പറാനുവേഷൻ തീയതിയ്ക്ക് ശേഷം പെൻഷൻ ആനുകൂല്യങ്ങൾക്കായി അപേക്ഷിയ്ക്കുകയും ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ടിയാന്റെ അവധി കാലാവധി അവസാനിച്ച വിവരം ഉദ്യോഗസ്ഥനെ അറിയിക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിരുന്നില്ല. ലോംഗ് ലീവ് രജിസ്റ്റർ മെയിന്റെയിൻ ചെയ്യുകയും മൂന്ന് മാസത്തിൽ ഒരിക്കൽ പരിശോധിക്കുകയും ചെയ്യാത്തതുകൊണ്ട് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ എല്ലാ സ്ഥാപനമേധാവികളും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം വീഴ്ചകൾ ഉണ്ടാകുന്നു എങ്കിൽ ബന്ധപ്പെട്ട സ്ഥാപന മേധാവി ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ സ്ഥാപന മേധാവികൾക്കും
(വകുപ്പ് വെബ്സൈറ്റ് മുഖാന്തിരം)

ആർ.ഇ.30.1.17